**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1065** **06-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനിടെ ഹൃദയസ്തംഭനമോ അപകടമരണങ്ങളോ ഉണ്ടായാൽ സാമ്പത്തിക സഹായം നൽകാറുണ്ടോ; | (എ) | കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകട മരണം ഉണ്ടായാൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട് ഹൃദയസ്തംഭനം ഇൻഷുറൻസ് പരിരക്ഷയിൽ വരുന്നില്ല. |
| (ബി) | മത്സ്യത്തൊഴിലാളികളെ ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ തുകയും മാനദണ്ഡങ്ങളും ഉൾപ്പടെ വിശദവിവരം നൽകാമോ? | (ബി) | മത്സ്യബോർഡിൽ അംഗത്വമുള്ള 18 മുതൽ 70 വയസ്സുവരെയുള്ള പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളികളെയും, അനുബന്ധത്തൊഴിലാളികളെയും ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി പ്രകാരം ഓരോ വർഷവും ഇൻഷ്വർ ചെയ്തു വരുന്നു. അപകടം മൂലമുള്ള മരണം, ആശുപത്രി ചികിൽസ, അവശത, വിദ്യാഭ്യാസ ധനസഹായം, ശവസംസ്കാര ചെലവ് എന്നിവയ്ക്ക് നൽകുന്ന പരമാവധി ഇൻഷുറൻസ് ധനസഹായത്തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അപകടമരണം - 10 ലക്ഷം രൂപ മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ - 10 ലക്ഷം രൂപ സ്ഥിരവും പൂർണ്ണവുമായ അവശത - 10 ലക്ഷം രൂപ സ്ഥിരവും ഭാഗികവുമായ അവശത - 5,00,000/- രൂപ അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം 5000/-രൂപ പ്രകാരം പരമാവധി - 10,000/- രൂപ അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം - 25,000/- (പരമാവധി) ശവസംസ്കാര ചെലവ് - 2,500/- രൂപ മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാത്ത ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് - 50,000/- രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ